പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1465 03.10.2016 - ൽ മറുപടിയ്ക്ക്

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ :<br>ശ്രീ.ഇ.കെ.വിജയൻ :<br>ശ്രീ.വി.ആർ.സുനിൽ കുമാർ :<br>ശ്രീ.എൽദോ എബ്രഹാം | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണം ചെയ്യുന്ന വ്യത്യസ്ത മരുന്നുകൾക്ക് ഒരേ രീതിയിലുള്ള പുറം കവറുകൾ ഏർപ്പെടുത്തിയത് മൂലം മരുന്ന് മാറിപ്പോകുന്നതിനുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഇത്തരത്തിൽ മരുന്നുകളുടെ ലേബലുകളിൽ ഉപയോഗിക്കുന്ന അക്ഷരങ്ങളുടെ വലിപ്പം, ഗ്രാഫിക്സ് പാറ്റേൺ, നിറം, മരുന്നുകളുടെ സ്ട്രിപ്പ്, കവർ എന്നിവ സംബന്ധിച്ച് എന്തെങ്കിലും നിബന്ധനകൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;<br>(സി) നിലവിലില്ലെങ്കിൽ ഇതിന് മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (ബി) & (സി) ഒരു ഉല്പാദകൻ വിതരണം ചെയ്യുന്ന ഒന്നോ അതിലധികമോ മരുന്നുകൾ കാഴ്ചയിൽ സമാനമാകാനോ നിറത്തിലോ മറ്റ് അടയാളങ്ങളിലോ തെറ്റിദ്ധാരണ ഉളവാക്കി തിരിച്ചറിയാൻ ബുദ്ധിമുട്ട് ഉണ്ടാക്കാനോ പാടില്ല എന്ന് നിലവിലെ ദർഘാസ് വ്യവസ്ഥയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ദർഘാസ് വ്യവസ്ഥ ലംഘിക്കുന്ന പക്ഷം പ്രസ്തുത ഉല്പാദകനിൽ നിന്ന് പിഴ ഈടാക്കാറുണ്ട്. വരും ദർഘാസിൽ ഈടാക്കുന്ന പിഴയുടെ തുക വർദ്ധിപ്പിക്കാൻ തീരുമാനമായിട്ടുണ്ട്. എന്നിരുന്നാലും സമാനമായ പരാതികൾ വീണ്ടും ഉണ്ടാകാനുള്ള സാഹചര്യത്തിൽ രോഗികളുടെ സുരക്ഷിതത്വത്തിനായി കോർപ്പറേഷന്റെ 2017-18 ലെ ദർഘാസിൽ കളർകോഡ് നിർബന്ധമാക്കാൻ തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ